**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5144.** **23.03.2018 ൽ മറുപടിയ്ക്ക്**

## മാവേലിക്കര എക്സൈസ് റെയ്ഞ്ച് ആഫീസുകൾക്ക് കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ.രാജേഷ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മാവേലിക്കര, നൂറനാട് എക്സൈസ് റെയ്ഞ്ച് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | മാവേലിക്കര-എക്സൈസ് റെയിഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ് എന്നിവ ഉൾപ്പെടുന്ന മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 31/01/2018-ലെ സ.ഉ.(കൈ) നം.33/2018/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം 11.25 ആർ റവന്യൂ ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.<br>നൂറനാട് എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥലം ലഭ്യമായിട്ടില്ല. |
| (ബി) | തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അത് വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (ബി) യും (സി) യും | തുക അനുവദിച്ചിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

ഗ

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ, തഴക്കര വില്ലേജിൽ ബ്ലോക്ക് നം.5-ൽ റീസർവ്വേ നം. 30/7-ൽപ്പെട്ട 11.25 അർസ് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനായി എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.33/2018/RD** **തിരുവനന്തപുരം, തീയതി, 31/01/2018**

---

പരാമർശം:- 1. 18.02.2012-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ ഡി 8-31453//04-ാം നമ്പർ കത്ത്.
2. 21.07.2012-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ (കെ)2-7798/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ, തഴക്കര വില്ലേജിൽ ബ്ലോക്ക് നം.5-ൽ റീസർവ്വേ നം. 30/7-ൽപ്പെട്ട 11.25 അർസ് ഭൂമി എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനായി അനുവദിച്ചു നൽകണമെന്ന് കാണിച്ച് എക്സൈസ് കമ്മീഷണർ അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. ബി.റ്റി.ആറിൽ സർക്കാർ പുറമ്പോക്ക് ഭൂമി എന്ന് രേഖപ്പെടുത്തിയിരിക്കുന്ന അപേക്ഷാ വസ്തുവിൽ മുമ്പ് വഴുവാടി എൽ പി. സ്കൂൾ നിലനിന്നിരുന്നതാണ്.പ്രസ്തുത ഭൂമി കൈമാറി നൽകുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് സമ്മതം നൽകിയിട്ടുണ്ട്.

2) അപേക്ഷാ വസ്തുവായ 11.25 ആർ ഭൂമിയുടെ വില 22,50,000/- രൂപ കണക്കാക്കിയിട്ടുണ്ടെന്നും പ്രസ്തുത വസ്തുവിലെ കെട്ടിടങ്ങളുടെ വിലയായി 1,40,793/-രൂപ നിർണ്ണയിച്ചിട്ടുണ്ടെന്നും ടി ഭൂമിയിലെ മരങ്ങളുടെ വില 62,106/- രൂപ വനം വകുപ്പ് വില നിർണ്ണയിച്ചിട്ടുണ്ടെന്നും, സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ടി ഭൂമി എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്നും പരാമർശത്തിലെ കത്തുകൾ പ്രകാരം ജില്ലാ കളക്ടറും, ലാന്റ് റവന്യൂ കമ്മീഷണറും ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ, തഴക്കര വില്ലേജിൽ ബ്ലോക്ക് നം.5-ൽ റീസർവ്വേ നം. 30/7-ൽപ്പെട്ട 11.25 അർസ് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും ചുവടെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

2.ഭൂമി ഉപപാട്ടത്തിന് നൽകുവാനോ തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗം ചെയ്യുവാനോ അന്യാധീനപ്പെടുത്തുവാനോ ധനകാര്യ സ്ഥാപനത്തിൽ പണയപ്പെടുത്തുവാനോ പാടില്ല;

3.ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽത്തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

4.ഭൂമി, കൈയ്യേറ്റങ്ങളിൽ നിന്നും എക്സൈസ് വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

5.ഭൂമി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്;

6.മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം സ്ഥലം പൂർണ്ണമായും ദേഹണ്ണങ്ങളടക്കം നഷ്ടപരിഹാരം കൂടാതെ റവന്യൂ വകുപ്പിൽ തിരികെ നിക്ഷിപ്തമാക്കുന്നതാണ്.

4) ആലപ്പുഴ ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃതമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
നികുതി വകുപ്പ്
ധനകാര്യ എക്സ്പെൻഡീച്ചർ (എ) വകുപ്പ് [നം. Exp.A2/118/17-Fin. തീയതി 01.12.2017]
പൊതുഭരണ (എസ്.സി) വകുപ്പ് [24/01/2018-ലെ മന്ത്രിസഭയോഗത്തിന്റെ ഇനം നമ്പർ 1843]
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (തീരുമാനത്തിന്റെ പകർപ്പും കുറിപ്പിന്റെ പകർപ്പും സഹിതം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ